ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി. ഒ.
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: lsgd.kerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

നമ്പർ: LSGD/PD/824/2026-GEA3 തീയതി: 14-10-2026

വിഷയം: തദ്ദേശ സ്വയം ഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -കാസർഗോഡ് ജില്ലയിൽ പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി രശ്മി.ടി.ആർ എന്നയാളെ സംസ്ഥാന തല സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം:
1. തദ്ദേശ സ്വയംഭരണ വകുപ്പ് കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 29.08.2025 തീയതിയിലെ LSGD/JD/ KSD/2499/2025-B6 നമ്പർ കത്ത്.
2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.07.2019 തീയതിയിലെ സ.ഉ(സാധാ)നം.1597/2019 തസ്വഭവ നമ്പർ ഉത്തരവ്.
3. പ്രിൻസിപ്പൽ ഡയറക്ടേറ്റിൽ നിന്നും 20.01.2026 തീയതിയിൽ നൽകിയ LSGD/PD/824/2026-GEA3 നമ്പർ കത്ത്. തദ്ദേശ സ്വയംഭരണ വകുപ്പ് കാസർഗോഡ് ജില്ലാ
4. ജോയിന്റ്ഡയറക്ടറുടെ 10.08.2026 തീയതിയിലെ LSGD/JD/KSD/2499/2025- B6(2) നമ്പർ കത്ത്. 01.10.2020 മുതൽ 31.12.2021 വരെ മുൻ പഞ്ചായത്ത് വകുപ്പിൽ ക്ലർക്ക്
5. തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ 27.05.2022 തീയതിയിലെ PAN/1805/2022-E6(DP) നമ്പർ ഉത്തരവ് പ്രകാരമുള്ള സംസ്ഥാന തല സീനിയോരിറ്റി ലിസ്റ്റ്.
6. പ്രിൻസിപ്പൽ ഡയറക്ടേറ്റിൽ നിന്നും 11.09.2026 തീയതിയിൽ നൽകിയ LSGD/PD/824/2026-GEA3 നമ്പർ നോട്ടീസ്.

ഉത്തരവ്

കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്നതും നിലവിൽ പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീമതി രശ്മി.ടി.ആർ എന്നയാളെ പരാമർശം (5) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി പരാമർശം (1) പ്രകാരം ഉചിത മാർഗ്ഗേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. കാസർഗോഡ് ജില്ലാ പി.എസ്സ്.സ്സി ഓഫീസറുടെ 08.05.2019 തീയതിയിലെ KGD1(3)1247/17(13) നമ്പർ നിയമന ശുപാർശ പ്രകാരം കാസർഗോഡ് ജില്ലയിൽ ബെള്ളൂർ ഗ്രാമ പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി.രശ്മി.ടി.ആറിന് തുടർ പഠനത്തിനായി പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവേശന കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതും തുടർന്ന് പഠന കാലാവധി പൂർത്തീകരിച്ച് 16.11.2021 തീയതിയിൽ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. ശ്രീമതി.രശ്മി.ടി.ആർ ക്ലർക്കുമാരുടെ സംസ്ഥാന തല സീനിയോരിറ്റി ലിസ്റ്റുകളിൽ ഒന്നിലും തന്നെ ഉൾപ്പെട്ടിട്ടില്ല. അപേക്ഷകയെ ജില്ലാതല ലിസ്റ്റിൽ ഉൾപ്പെടുത്തി അന്തിമ ഉത്തരവാക്കി ക്ലർക്കുമാരുടെ സംസ്ഥാന തല ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (4) പ്രകാരം ഉചിത മാർഗ്ഗേന അപേക്ഷ

സമർപ്പിച്ചിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ ടിയാൻ ജോലിയിൽ പ്രവേശിച്ച 16.11.2021 തീയതി അഡ്വൈസ് തീയതിയായി കണക്കാക്കി പരാമർശം (5) സീനിയോരിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 419- ശ്രീമതി ലിജിഷ.എ എന്നയാൾക്കും ക്രമ നമ്പർ 420- ശ്രീമതി ഐശ്വര്യ.സി എന്നയാൾക്കും ഇടയിൽ 419A ആയി ടിയാനെ ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ച് പരാമർശം (6) പ്രകാരം കരട് നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. ടി കരട് പ്രസിദ്ധീകരിച്ചതിൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ പരാമർശം (5) പ്രകാരമുള്ള ക്ലാർക്കുമാരുടെ സംസ്ഥാനതല സീനിയോരിറ്റി പട്ടികയിൽ ശ്രീമതി രശ്മി.ടി.ആർ എന്നയാളെ ക്രമ നമ്പർ 419- ശ്രീമതി ലിജിഷ.എ എന്നയാൾക്കും ക്രമ നമ്പർ 420- ശ്രീമതി ഐശ്വര്യ.സി എന്നയാൾക്കും ഇടയിൽ 419A ആയി ഉൾപ്പെടുത്തി ക്ലാർക്ക് തസ്തികയിലെ പ്രസ്തുത സീനിയോരിറ്റി പട്ടിക പുനർ ക്രമീകരിച്ചും ആയതു പ്രകാരം ഭേദഗതി വരുത്തിയും ഉത്തരവാകുന്നു.

വിശ്വസ്തതയോടെ,

Dr. Divya S Iyer IAS
PRINCIPAL DIRECTOR

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടർമാർക്കും
2. സെക്രട്ടറി, പരപ്പ ബ്ലോക്ക് പഞ്ചായത്ത് (ജോയിൻറ് ഡയറക്ടർ മുഖേന)
3. വ്യക്തിക്ക് (ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖേന)
4. പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ DEC5 സെക്ഷൻ
5. സിസ്റ്റം സൂപ്പർവൈസർ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

Digitally signed by
DIVYA S IYER
Date: 14-10-2026
16:24:10